ഉത്തരം

(എ) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അഞ്ചലിൽ പുതിയ പോലീസ് കോംപ്ലക്സ് പണിയുന്നതിന് നടപടി

52 (4661) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ മണ്ഡലത്തിലെ അഞ്ചലിൽ പുതിയ പോലീസ് കോംപ്ലക്സ് പണിയുന്നതിനുള്ള നടപടികൾ എവിടെവരെയായി ; പ്രസ്തുത പോലീസ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇതിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പുനലൂർ മണ്ഡലത്തിലെ അഞ്ചലിൽ പുതിയ പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് എന്നിവ പണിയുന്നതിനുവേണ്ടി അഞ്ചൽ വില്ലേജിൽ സർവ്വേ നമ്പർ 33/3 ബി 2, 33/8-13-22, 33/8 -12, 33/3 ബി-3-ൽ പ്പെട്ടതും കന്നുകാലി ചന്തയ്ക്കുവേണ്ടി അക്വയർ ചെയ്ത് പുറമ്പോക്കായി പഞ്ചായത്തിന്റെ അധീനതയിൽ നിലനിർത്തിയിട്ടുള്ളതുമായ 2.77 ഏക്കർ ഭൂമിയിൽ നിന്നും ഒരു ഏക്കർ സ്ഥലം പോലീസ് വകുപ്പിന് വിട്ടുകൊടുക്കുന്നതിനും പകരം ഇപ്പോൾ അഞ്ചൽ പോലീസ് സ്റ്റേഷന് നൽകുന്ന സ്ഥലം കെട്ടിടമുൾപ്പെടെ അഞ്ചൽ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനും ജി.ഒ.(എം.എസ്) നമ്പർ: 478/09/റവന്യൂ തീയതി 24-11-2009 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പോലീസ് സ്റ്റേഷന് 60 സെന്റ് ഭൂമി നൽകിയാൽ മതിയെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24-11-2009-ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഒരേക്കർ ഭൂമിയെന്നത് 60 സെന്റാക്കി ഭേദഗതി ചെയ്യണമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ പോലീസ് ഡയറക്ടർ ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നത് സംബന്ധിച്ച്

53 (4662) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ തലപ്പുഴ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരളാ പോലീസ് ആധുനികവൽക്കരണ പദ്ധതി 2010-11 (MoPF സ്കീം - 2010-11) ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

ചോമ്പാലിൽ പോലീസ് സ്റ്റേഷന് പുതിയകെട്ടിടം പണിയാൻ നടപടി

54 (4663) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര മണ്ഡലത്തിലെ ചോമ്പാലിൽ സ്ഥാപിച്ച പോലീസ് സ്റ്റേഷന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പോലീസ് സ്റ്റേഷന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

ലാഭകരമല്ലാത്ത കോഴിക്കോട് എ.ആർ. ക്യാമ്പിലെ ടെലഫോൺ ബൂത്ത്

55 (4664) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് എ. ആർ. ക്യാമ്പിൽ 1996-ൽ സ്ഥാപിച്ച ടെലഫോൺ ബൂത്ത് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞ രണ്ടു വർഷമായി ശരാശരി പ്രസ്തുത ബൂത്തിൽ നിന്നും എന്തു വരുമാനം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബൂത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കാനുണ്ടായ കാരണം വെളിപ്പെടുത്തുമോ ;

(ഡി) എന്നുമുതലാണ് ബൂത്തിന്റെ പ്രവർത്തനം നിർത്തിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) ലാഭകരമല്ലാതെ പ്രവർത്തിക്കുന്ന ഒരു ടെലഫോൺ ബൂത്തിൽ രണ്ടു ജീവനക്കാരെ നിയമിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly